ക്രമ നമ്പർ	പദ്ധതി അടങ്കൽ തുക (ലക്ഷത്തിൽ)	നിലവിലെ അവസ്ഥ
1 ജി.വി.എച്ച്.എസ്സ്.എസ്സ്. പറവണ്ണ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം	7	പദ്ധതി പൂർത്തീകരിച്ചു.
2 ജി.വി.എച്ച്.എസ്സ്.എസ്സ്. പറവണ്ണ അടുക്കള നിർമ്മാണം	10	പദ്ധതി പൂർത്തീകരിച്ചു.

(ബി) ഭരണാനുമതി ലഭിച്ചിട്ടും നിർവ്വഹണം പൂർത്തിയാക്കാത്തവ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ?

ഭരണാനുമതി നൽകിയ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ

290(596) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ഏതൊക്കെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിനാണ് കഴിഞ്ഞ സർക്കാർ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിൽ ആകെ 53 തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനാണ് കഴിഞ്ഞ സർക്കാർ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുള്ളവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആകെ 36 പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയവയിൽ ടെൻഡർ നടപടി പൂർത്തിയാക്കുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ടെൻഡർ നടപടി പൂർത്തിയാക്കുവാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly